(ബി) എങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) എസ്.എസ്.എൽ.സി.-ക്ക് തുല്യമായ ടി. എച്ച്. എസ്. എൽ. സി. പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിന് അടയ്ക്കുന്ന തുക തിരികെ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിന് അടയ്ക്കുന്ന തുക തിരികെ ലഭിക്കുന്നതിന് ഒരു ഏകീകൃത മാനദണ്ഡം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

*ഉത്തരം*

(എ) & (ബി) എസ്. എസ്. എൽ. സി. പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിൽ പ്രസ്തുത പേപ്പറിന്റെ ആകെ മാർക്കിന്റെ 10ശതമാനമോ അതിൽ കൂടുതലോ വ്യത്യാസം വരുന്ന കുട്ടികൾക്ക് റീ വാല്യൂവേഷൻ ഫീസ് തിരികെ നൽകുന്നതിന് വ്യവസ്ഥയുണ്ട്.

(സി) ഉണ്ട്.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**പി. ടി. എ. യുടെ ആഭിമുഖ്യത്തിൽ ലോവർ പ്രൈമറി വിഭാഗം ആരംഭിക്കാൻ അനുവാദം**

82 [3608] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ പി. ടി. എ. യുടെ ആഭിമുഖ്യത്തിൽ പ്രീ പ്രൈമറി ക്ലാസ് നടത്താൻ അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇതിനായി സർക്കാരിൽ നിന്നും എന്തെങ്കിലും സഹായം പി. ടി. എ.-ക്കോ പ്രസ്തുത സ്കൂളിനോ നൽകുന്നുണ്ടോ;

(സി) പി. ടി. എ. യുടെ ആഭിമുഖ്യത്തിൽ ലോവർ പ്രൈമറി വിഭാഗം ആരംഭിക്കാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ലോവർ പ്രൈമറി വിഭാഗം ഇല്ലാത്ത സർക്കാർ സ്കൂളുകളിൽ അപ്പർ പ്രൈമറിയിലേക്ക് കുട്ടികളെ കിട്ടാൻ പ്രയാസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി അപ്പർ പ്രൈമറി സ്കൂളുകളിനോടനുബന്ധിച്ചോ ഹൈസ്കൂളുകളിനോടനുബന്ധിച്ചോ പി. ടി. എ. യുടെ ആഭിമുഖ്യത്തിൽ ലോവർ പ്രൈമറി വിഭാഗം ആരംഭിക്കാൻ അനുവാദം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

*ഉത്തരം*

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

**സർക്കാർ, എയ്ഡഡ് അൺഎയ്ഡഡ്, റെക്കഗ്നൈസ്ഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ**

83 [3609] *ശ്രീ. മത്തായി ചാക്കോ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സർക്കാർ, എയ്ഡഡ് അൺഎയ്ഡഡ്, റെക്കഗ്നൈസ്ഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഓരോ വിഷയത്തിനും അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര ഇംഗ്ളീഷ് അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഇതിൽ എത്ര പേരെ പി. എസ്. സി. വഴിയും തസ്തിക മാറ്റം വഴിയും നിയമിച്ചുവെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഇംഗ്ലീഷ് വിഷയത്തിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുണ്ടോയെന്നും എങ്കിൽ എത്രപേർ എന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) സംസ്ഥാനത്ത് നിലവിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്.† ഓരോ സ്കൂളുകളിലെയും അനുവദിച്ചിരിക്കുന്ന ബാച്ചിനും കുട്ടികളുടെ എണ്ണത്തിനും ആനുപാതികമായിട്ടാണ് ഓരോ വിഷയത്തിനും തസ്തിക സൃഷ്ടിക്കുന്നത്.

---

† അനുബന്ധം VII.

GPM. 2/255/2012—16



LIBRARY ARCHIVES Kerala Legislative Assembly